പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1560 — 02.07.2015 ലെ മറുപടിയ്ക്ക്

**കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കൃഷിനാശം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഈയിടെ ഉണ്ടായ കനത്ത മഴയിലും കാറ്റിലും സംഭവിച്ച കൃഷിനാശം സംബന്ധിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കർഷകർക്കുണ്ടായ നഷ്ടങ്ങൾക്ക് പരിഹാരമായി അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച് വിശദമാക്കാമോ ; കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പേർക്ക് സഹായം അനുവദിച്ചു ; എത്ര പേർ സഹായത്തിന് അപേക്ഷിച്ചിരുന്നു ; വിശദമാക്കാമോ ; | (ബി) | കർഷകർക്കുണ്ടായ നഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നിലവിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. പ്രസ്തുത തുക ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം നൽകാൻ കഴിയുന്നതാണ്. കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്ന് 930 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | മണ്ഡലത്തിൽ കാർഷിക മേഖലയിൽ എത്ര രൂപയുടെ നഷ്ടമാണ് തിട്ടപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ ? | (സി) | പ്രാഥമിക റിപ്പോർട്ട് പ്രകാരം 61,27,550/- രൂപയുടെ നഷ്ടം മണ്ഡലത്തിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**